പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2613 28-10-2026-ൽ മറുപടിയ്ക്ക്

പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികളും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) പാറശാല നിയമസഭാ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികളുടെയും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പേരുവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ നിലവിൽ 16 ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) പ്രവർത്തിച്ചു വരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.

(ബി) പ്രസ്തുത സമിതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ അംഗങ്ങളുടെ എണ്ണവും ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ പ്രാതിനിധ്യവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത സമിതികളിൽ ആകെ 1267 കുടുംബാംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 776 പട്ടികവർഗ്ഗക്കാരും 96 പട്ടികജാതിക്കാരും അംഗങ്ങളായുണ്ട്.

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഈ സമിതികൾ മുഖേന നടപ്പിലാക്കിയ വനവൽക്കരണം, കാട്ടുതീ പ്രതിരോധം, നബാർഡ്/മറ്റ് ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ചുള്ള വന വികസനപദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഇ.ഡി.സി അംഗങ്ങളുടെ തൊഴിൽ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് വനവികസന പ്രവർത്തനങ്ങളിലും, വനസംരക്ഷണ പ്രവർത്തനങ്ങളിലും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. അതനുസരിച്ച് സർക്കാർ ഫണ്ട്, കേന്ദ്രസഹായം എന്നിവ ഉപയോഗപ്പെടുത്തി സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കൺട്രോൾ ബേണിംഗ്, ഫയർ ബ്ലോക്ക്, ഫയർ ഗ്യാങ് പ്രവൃത്തികൾ നടത്തി വരുന്നുണ്ട്.

(ഡി) വനസമ്പത്തിന്റെ സംരക്ഷണം, വനവിഭവങ്ങളുടെ ശരിയായ വിനിയോഗം, പ്രദേശവാസികളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കൽ എന്നിവയിൽ ഈ സമിതികളുടെ പ്രവർത്തനം എത്രത്തോളം

സഹായകരമായിട്ടുണ്ട് എന്നത് സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഉണ്ട്. വിവിധ സമിതികളിലെ പ്രകൃതിനിവാസികളെയും തദ്ദേശ ജനവിഭാഗത്തെയും താൽക്കാലിക അടിസ്ഥാനത്തിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കും ഇക്കോ ടൂറിസം നടത്തിപ്പിനും നിയമിച്ച് ഉപജീവനമാർഗ്ഗവും വനസംരക്ഷണവും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി വനാവകാശ നിയമപ്രകാരം സാമൂഹ്യവനാവകാശം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമനം	ഇ.സി.ഡി-യുടെ പേര്	പഞ്ചായത്ത്
1	പുരവിമല	അമ്പൂരി
2	കുന്നത്തുമല	
3	തെന്മല	
4	കാരിക്കുഴി	
5	ചാക്കപ്പാറ	
6	മായം	
7	തൊണ്ടിച്ചിറ	
8	പൂട്ടുകല്ല്	
9	പറത്തി	
10	കൊമ്പൈ	
11	മരക്കുന്നം	കള്ളിക്കാട്
12	നെറ്റ് ഇസിഡി	
13	വ്ലാവെട്ടി	
14	കാഞ്ചിമൂട്	
15	ആമല	കുറ്റിച്ചൽ
16	അണകാൽ	